ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്.

(ബി) ജലവിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രധാന കായൽപ്പരപ്പുകളിൽ വർണ്ണശബളമായ ജലോത്സവങ്ങൾ എല്ലാക്കൊല്ലവും സംഘടിപ്പിച്ചു വരുന്നുണ്ട്. പ്രധാനപ്പെട്ട വള്ളംകളികൾക്ക് ടൂറിസം വകുപ്പ് ധനസഹായം കൊടുത്തു വരുന്നുണ്ട്. ജലോത്സവങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പുറമെ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി വാട്ടർ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കായൽ ടൂറിസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, ഈ രംഗത്ത് നടത്തേണ്ടുന്ന പ്രവർത്തനങ്ങളെപ്പറ്റി വിശദമായ പഠന റിപ്പോർട്ട് നല്കാൻ കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ വേളി-ആക്കുളം, കാപ്പിൽ, അഷ്ടമുടി, വേമ്പനാട്, ആലപ്പുഴ, കുമരകം, കൊച്ചി തുടങ്ങിയ കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിവരുന്നു. മലബാർ മേഖലയിലേക്ക് കായൽ ടൂറിസം വ്യാപിപ്പിക്കുന്നതിനായി ഒരു വിശദമായ പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുമുണ്ട്.

(സി) വള്ളംകളികൾ, ഹൗസ്ബോട്ടുകൾ, വാട്ടർ സ്പോർട്സ്, ബോട്ടിംഗ് ജലക്രീഡ ബോട്ടുകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ജലസംരക്ഷണ നടപടി

*15 [45] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, എൻ. രാജൻ :

,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജല സംരക്ഷണത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരളം മറ്റു സംസ്ഥാനങ്ങളുമായി നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് ഏതൊക്കെ കരാറുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കരാറുകളുടെ കാലാവധി തീരുന്ന മുറയ്ക്ക് സംസ്ഥാനത്തിന്റെ താല്പര്യം കൂടി കണക്കിലെടുത്ത് അവ പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പറമ്പിക്കുളം-ആളിയാർ കരാർ തമിഴ്നാട് തുടർച്ചയായി ലംഘിക്കുന്നത് കണക്കിലെടുത്ത് കരാർ പുതുക്കുന്നതിനായി എന്തൊക്കെ വ്യവസ്ഥകളാണ് മുന്നോട്ടു വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) നിലവിലുള്ള നദീജല കരാറുകൾ മറ്റു സംസ്ഥാനങ്ങൾ ലംഘിക്കുന്നതി ലൂടെ നമുക്ക് നഷ്ടപ്പെടുന്ന വെള്ളത്തിന്റെ അളവ് കണക്കിലെടുത്തിട്ടുണ്ടോ;

(എഫ്) ഓരോ നദിയിൽ നിന്നും ഇപ്രകാരം നഷ്ടപ്പെടുന്ന വെള്ളം എത്ര യെന്ന് വ്യക്തമാക്കാമോ;

(ജി) ജലസമ്പത്തിന്റെ ഇന്നത്തെ സ്ഥിതി അത് സംരക്ഷിക്കുവാൻ സ്വീകരിക്കുന്ന വഴികൾ, അന്യസംസ്ഥാനങ്ങളുടെ ചൂഷണം കേരളത്തെ എങ്ങനെ ബാധിക്കുന്നു, കരാറുകൾ പുതുക്കാൻ സ്വീകരിക്കുന്ന നടപടികൾ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഒരു 'ധവള പത്രം' പുറത്തിറക്കാൻ നടപടി സ്വീകരി ക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) സംസ്ഥാനത്ത് ജലസംരക്ഷണത്തിനായി നിലവിലുള്ള ജലസേചന പദ്ധ തികൾക്കു പുറമേ താഴെ ചേർത്തിട്ടുള്ള ജലസേചന പദ്ധതികളുടെയും പര്യവേഷണ നടപടികൾ നടന്നുവരികയാണ്.

1. മൂന്നാം കടവ് ജലസേചന പദ്ധതി.
2. ചാലിയാർ റിവർ വാലി പദ്ധതി.
3. വാമനപുരം ജലസേചന പദ്ധതി.
4. മീനച്ചിൽ നദീതട പദ്ധതി.
5. ആറളം ജലസേചന പദ്ധതി.
6. കബനി നദീതട പദ്ധതികൾ.
7. പാമ്പാർ നദീതട പദ്ധതികൾ.
8. പലകപാണ്ടി ഡൈവേർഷൻ പദ്ധതി.
9. നെല്ലായി റെഗുലേറ്റർ കം ബ്രിഡ്ജ്.

കൂടാതെ 55 തടയണകളുടെ പര്യവേഷണ നടപടികൾ നടന്നുവരികയാണ്.

(ബി) 1970 മേയ് 29-ന് ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ, 1886 ഒക്ടോബർ 29-ന് ഒപ്പുവെച്ച മുല്ലപ്പെരിയാർ പാട്ടക്കരാർ, 1973 ആഗസ്റ്റ് 19-ന് ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതിക്കരാർ എന്നിവയാണ് കേരളം തമിഴ്നാടുമായി നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള കരാറുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുല്ലപ്പെരിയാർ പാട്ടക്കരാറിന്റെ കാലാവധി 999 വർഷവും ശിരുവാണി കുടിവെള്ള പദ്ധതിക്കരാറിന്റെ കാലാവധി 99 വർഷവും ആണ്. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. ഈ കരാർ 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 1988-ൽ തുടങ്ങിയ പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ പുനരവലോകന നടപടികൾ ഇപ്പോൾ അവസാന ഘട്ടത്തിലെത്തിയിരിക്കുകയാണ്.

(ഡി) പറമ്പിക്കുളം-ആളിയാർ കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനരവലോകനത്തിന് നിയോഗിച്ച വിദഗ്ധ സമിതിയുടെ കേരള പ്രതിനിധികൾ ഇവയെല്ലാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ 30 വർഷത്തെ ജലലഭ്യതയുടെ കണക്കുകൾ സമാഹരിച്ച് പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ ഓരോ ബേസിനുകളുടെയും വൃഷ്ടി പ്രദേശത്ത് നിന്നും പദ്ധതി വിഭാവനം ചെയ്ത കാലത്ത് പ്രതീക്ഷിച്ചതിലും അധികം വരുന്ന ജലത്തിന്റെ ഓഹരി തരണമെന്നും കൂടാതെ കേരള ഷോളയാറിലെ ജലനിരപ്പു കരാറിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ നിശ്ചിത തീയതികളിൽ നിശ്ചിത ചെലവുകളിൽ നിലനിർത്തണമെന്നും പുനരവലോകന ചർച്ചകളിൽ കേരളം തമിഴ്നാടിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. കരാറിൽ മാറ്റം വരുത്തണമെങ്കിൽ അതിന് രണ്ട് സംസ്ഥാനങ്ങളുടെയും സമ്മതം ആവശ്യമാകയാൽ ഉഭയസമ്മതമുള്ള മാറ്റങ്ങൾ മാത്രമെ കരാറിൽ ഉൾക്കൊള്ളിക്കുവാൻ സാധിക്കുകയുള്ളു.

(ഇ) പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറനുസരിച്ച് ഓരോ വർഷവും നമുക്കു കിട്ടേണ്ട ജലത്തിൽ കുറവു വരുന്ന പക്ഷം ആ കുറവു അടുത്ത വർഷത്തേക്കുള്ള അർഹതപ്പെട്ട ജലത്തിനോടുകൂടി കണക്കാക്കുന്നതിനാൽ വെള്ളം നഷ്ടപ്പെടുന്നില്ല.

(എഫ്) ബാധകമല്ല.

(ജി) ധവള പത്രം ഇറക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ആണവ വൈദ്യുത നിലയം

*16 [46] ശ്രീ. വി. ബാലറാം :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ടി. തോമസ് :
,, പ്രയാർ ഗോപാലകൃഷ്ണൻ :
,, ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആണവ വൈദ്യുത നിലയം സ്ഥാപിക്കുവാനുള്ള നിർദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly